## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2758 — 07.12.2018-ൽ മറുപടിയ്ക്ക്

### ഐ.ജി.എം.ആർ.എസ്. സ്കൂളിനെ ഹൈടെക് സ്കൂളാക്കി മാറ്റുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | നിലമ്പൂരിലെ ഐ.ജി.എം.ആർ.എസ് സ്കൂളിനെ ഹൈടെക് സ്കൂളാക്കി മാറ്റുന്നതിനായുള്ള നിവേദനത്തിന്മേൽ എടുത്ത നടപടി വിശദമാക്കാമോ; | എ) | നിലമ്പൂർ ഐ.ജി.എം.ആർ.എസ് സ്കൂൾ ഹൈടെക് സ്കൂളാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സ്കൂളിൽ ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സി.സി.ടി.വി, ഫയർ എക്സ്റ്റിംഗ്യൂഷർ, വാട്ടർ പ്യൂരിഫയർ, ഹൈമാസ്റ്റ് ലൈറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അടുക്കള നവീകരണത്തിന്റെ ഭാഗമായി സ്റ്റീമർ അടുപ്പ് സ്ഥാപിച്ചിട്ടുണ്ട്. സോളാർ ലൈറ്റ്, മൾട്ടി പർപ്പസ് കോർട്ട് എന്നിവയുടെ പ്രവർത്തി നടന്നു വരികയാണ്. |
| ബി) | 8/5/2017 -ൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് ഡയറക്ടർ സ്ഥലം എം.എൽ.എ-യ്ക്ക് അയച്ച കത്ത് പ്രകാരമുള്ള തുടർ നടപടി വ്യക്തമാക്കാമോ; | ബി) | അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 12.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. സ്കൂൾ കെട്ടിടം പെയിന്റിംഗ് പ്രവർത്തി ചെയ്യുന്നതിനായി 26.60 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ടി എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | യുണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ നിലമ്പൂർ പ്രോജക്ട് ഓഫീസർ തയ്യാറാക്കിയ പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ; | സി) | പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

ഡി) നിലമ്പൂർ ഐ.ജി.എം.ആർ.എസ്.-ന്റെ സ്കൂൾ ക്ഷേമ കമ്മിറ്റിയിലെ മെമ്പർമാർ ആരൊക്കെയാണ്; പ്രസ്തുത കമ്മിറ്റിയിൽ എം.എൽ.എ ഉൾപ്പെട്ടിട്ടുണ്ടോ; ഒരു വർഷത്തിൽ എത്ര തവണയാണ് കമ്മിറ്റി ചേരേണ്ടത്; കഴിഞ്ഞ മൂന്ന് വർഷത്തിൽ എത്ര കമ്മിറ്റി ചേർന്നു; എത്ര തവണ എം.എൽ.എ യെ രേഖാമൂലം അറിയിച്ചു; അറിയിക്കാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഡി) മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉപദേശക സമിതിയിൽ 16 അംഗങ്ങളാണുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സ്ഥലം എം.എൽ.എ | ചെയർമാൻ |
| 2 | മേയർ/മുൻസിപ്പൽ ചെയർമാൻ/ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | അംഗം |
| 3 | ജില്ലാ പഞ്ചായത്ത് മെമ്പർ | അംഗം |
| 4 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | അംഗം |
| 5 | വാർഡ് കൗൺസിലർ/ മെമ്പർ | അംഗം |
| 6 | സംസ്ഥാന പട്ടികജാതി ഉപദേശക സമിതി അംഗം | അംഗം |
| 7 | ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ | അംഗം |
| 8 | സീനിയർ സൂപ്രണ്ട്/മാനേജർ | കൺവീനർ |
| 9 | എം.സി.ആർ.ടി/വാർഡൻ | അംഗം |
| 10 | ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ | അംഗം |
| 11 | അദ്ധ്യാപക പ്രതിനിധി | അംഗം |
| 12 | വിദ്യാർത്ഥി പ്രതിനിധി | അംഗം |
| 13 | രക്ഷാകർത്തൃ പ്രതിനിധി | അംഗം |
| 14 | ജില്ലാ എഡ്യൂക്കേഷണൽ ഓഫീസർ | അംഗം |
| 15 | ജില്ലാ ഡയറ്റ് പ്രിൻസിപ്പൽ | അംഗം |
| 16 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | അംഗം |

പ്രസ്തുത കമ്മിറ്റിയിൽ എം.എൽ.എ ഉൾപ്പെട്ടിട്ടുണ്ട്. വർഷത്തിൽ 4 തവണ കമ്മിറ്റി ചേരേണ്ടതുണ്ട്.

കഴിഞ്ഞ മൂന്ന് വർഷത്തിൽ ഒരു തവണ മാത്രമേ (25.11.2017) കമ്മിറ്റി കൂടിയിട്ടുള്ളൂ. ടി മീറ്റിംഗിന്റെ വിവരങ്ങൾ ബഹു.എം.എൽ.എ.യെ ഐ.ജി.എം.ആർ.എസ് സീനിയർ സൂപ്രണ്ട് രേഖാമൂലം അറിയിച്ചിരുന്നതും, ബഹു.എം.എൽ.എ ടി മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ